File No.FWLD-A1/1/2020-FWLD

897
16/1/20

'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

നെന്മാറ ഡിവിഷൻ – ബാങ്ക് ഗ്യാരണ്ടി കാലാവധിക്കുള്ളിൽ പുതുക്കുന്നതിൽ വീഴ്ച വരുത്തിയത് – ശ്രീ.എസ്.നസീർ, ഹെഡ് അക്കൗണ്ടന്റ് സമർപ്പിച്ച റിവ്യൂ ഹർജി – തീർപ്പാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.6/2020/വനം                തിരുവനന്തപുരം, തീയതി, 06/01/2020

---

പരാമർശം:- (1) 15.12.2018–ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)–ന്റെ ബി7–31190/04 നമ്പർ നടപടി ഉത്തരവ്

(2) 08.12.2015–ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി7–31190/2004 നടപടി ഉത്തരവ്

(3) 13.02.2016 തീയതിയായി ശ്രീ.എസ്.നസീർ, ഹെഡ് അക്കൗണ്ടന്റ് സമർപ്പിച്ച റിവ്യൂ ഹർജി

**ഉത്തരവ്**

നെന്മാറ ഫോറസ്റ്റ് ഡിവിഷൻ പരിധിയിൽ അനധികൃതമായി ചന്ദനം കടത്തിക്കൊണ്ടുവന്നു എന്ന കുറ്റത്തിന് കസ്റ്റഡിയിലെടുത്ത കാർ വിട്ടുകിട്ടുന്നതിനായി വാഹന ഉടമ സമർപ്പിച്ച ഒരു ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി നിശ്ചിത സമയത്തിനകം പുതുക്കാതെ സർക്കാരിനു നഷ്ടം വരുത്തിയതിന് ഉത്തരവാദികളായവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയുണ്ടായി. അതിലൊരാളായ ശ്രീ.എസ്.നസീറിനെതിരെയുള്ള അച്ചടക്ക നടപടി, ഈ വിഷയത്തിലെ സർക്കാർ നഷ്ടമായ ഒരു ലക്ഷം രൂപയുടെ പകുതി തുകയായ 50,000/- രൂപ ടിയാന്റെ ശമ്പളത്തിൽ നിന്നും ഈടാക്കിക്കൊണ്ടും സീനിയോറിറ്റി ലിസ്റ്റിൽ 10 സ്ഥാനം കുറച്ചുകൊണ്ടും പരാമർശം (1) പ്രകാരം തീർപ്പാക്കി. തുടർന്ന് ടിയാൻ സമർപ്പിച്ച

അപ്പീൽ പരിഗണിച്ച് സർക്കാർ നഷ്ടത്തിൽ ടിയാന്റെ ആനുപാതിക വിഹിതം 27,198/- രൂപയായി പുനർനിശ്ചയിച്ച് പരാമർശം (2) പ്രകാരം ഉത്തരവായി.

2) മേൽ ഉത്തരവിനെതിരെ ശ്രീ.നസീർ, ഹെഡ് അക്കൗണ്ടന്റ് പരാമർശം (3) പ്രകാരം സമർപ്പിച്ച റിവ്യൂ ഹർജിയിലെ അഭ്യർത്ഥന പരിഗണിച്ച് ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. റിവ്യൂ ഹർജിയിലെ വാദങ്ങളും ബന്ധപ്പെട്ട ഫയലുകളും നേരിൽ കേൾക്കുന്ന വേളയിൽ ഉന്നയിച്ച വാദങ്ങളും വിശദമായി പരിശോധിച്ചു.

അച്ചടക്ക നടപടിയ്ക്ക് ആധാരമായ സംഭവം നടന്നത് 2003-ലാണ്. 1994-95 കാലഘട്ടത്തിലെ ഗ്യാരന്റി 8 തവണ പുതുക്കിയിരുന്നു. വർഷത്തിൽ ഒരിക്കലാണ് ബാങ്ക് ഗ്യാരന്റി പുതുക്കുന്നത്. അതായത് ഗ്യാരന്റി അവസാനിക്കുന്നതിനും ഒരു മാസം മുൻപ്. ആ സമയത്ത് ബാങ്കിനും വാഹന ഉടമയ്ക്കും കത്തയക്കുകയാണ് പതിവ്. ഗ്യാരന്റി കാലാവധി തീരുന്നതിനു മുൻപോ അതിനു ശേഷമോ - രണ്ടാഴ്ച അങ്ങോട്ടോ ഇങ്ങോട്ടോ - ആണ് ഗ്യാരന്റി ദീർഘിപ്പിച്ചതായി സാധാരണയായി അറിയിപ്പ് കിട്ടാറുള്ളത്. ഗ്യാരന്റി പുതുക്കുന്നതിനുള്ള നിശ്ചിത തീയതിയിൽ നിന്നും ഒരു മാസം കൂടുതൽ കാലാവധി നൽകാറുണ്ട്. അതനുസരിച്ച് ഒരു മാസത്തെ ഗ്രേസ് പിരീഡും ഉൾ പ്പെടെ 25.06.2003-വരെ ഗ്യാരന്റിയുണ്ടായിരുന്നു. ഗ്യാരന്റി പുതുക്കാനായി കത്തയച്ചതിനുശേഷം അതിന്മേൽ ഒരു തുടർനടപടി പതിവില്ല.

22.04.2003-ന് ഗ്യാരന്റി പുതുക്കുന്നതിനായി ശ്രീ.നസീർ ബാങ്കിനും വാഹന ഉടമയ്ക്കും കത്തയച്ചിരുന്നു. ഈ കത്തിന്റെ കൈപ്പറ്റ് വാഹന ഉടമയിൽ നിന്നും ലഭിച്ചിട്ടുണ്ട്, പക്ഷെ ബാങ്കിൽ നിന്നും കിട്ടിയിട്ടില്ല. 02.06.2003-ന് നസീറിനെ സ്ഥലംമാറ്റി. അതായത് സാങ്കേതികമായി ഗ്യാരന്റി കാലാവധി തീരുന്നതിനു മുൻപ് തന്നെ നസീർ അവിടെ നിന്നും സ്ഥലം മാറിപ്പോവുകയുണ്ടായി. ഗ്യാരന്റി റദ്ദാക്കി എന്ന അറിയിപ്പാണ് ഇതിനുശേഷം 01.10.2003-ൽ ബാങ്കിൽ നിന്നും ലഭിച്ചത്. 03.06.2003-ന് ചാർജെടുത്ത നസീറിന്റെ പിൻഗാമിയ്ക്ക് എതിരെ ഗ്യാരന്റി പുതുക്കുന്നതിന് സമയബന്ധിതമായി നടപടിയെടുക്കാത്തതിനാൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. അതായത് യഥാർത്ഥത്തിൽ വീഴ്ച വരുത്തിയ ആളിനെതിരെ ഇതിനോടകം അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

3) ബാങ്ക് ഗ്യാരന്റി പുതുക്കുന്നതിനായി ആവശ്യമായ നടപടി സമയബന്ധിതമായി സ്വീകരിച്ചിട്ടുള്ളതിനാൽ ശ്രീ.എസ്.നസീർ,

File No.FWLD-A1/1/2020-FWLD

ഹെഡ്അക്കൗണ്ടന്റിനെ പൂർണ്ണമായും കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീല എം**
**അണ്ടർ സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എസ്.നസീർ, ഹെഡ് അക്കൗണ്ടന്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി.എസ്.) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2020.01.06 12:36:11 IST
Reason: Approved
സെക്ഷൻ ഓഫീസർ